(ബി) പരാതിയുടെ അടിസ്ഥാനത്തിൽ കേസന്വേഷണം ഒറ്റപ്പാലം സർക്കിൾ ഇൻസ്പെക്ടർക്ക് നൽകിയിട്ടുള്ളതും പോസ്റ്റുമാർട്ടം പരിശോധന നടത്തിയ ഡോക്ടറെക്കണ്ട് ചോദിച്ചും, പോസ്റ്റുമാർട്ടം റിപ്പോർട്ട് പരിശോധിച്ചും ജ്യോതിയുടെ കൂട്ടുകാരികളെക്കണ്ട് ചോദിച്ചതിലും മരണത്തിൽ ദുരൂഹതയുള്ളതായി ഇതുവരെയുള്ള അന്വേഷണത്തിൽ അറിവായിട്ടില്ല.

(സി) കേസ് അന്വേഷണാവസ്ഥയിലാണ്.

(ഡി) കേസിന്റെ അന്വേഷണം ഒറ്റപ്പാലം സർക്കിൾ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതും, അന്വേഷണം തൃപ്തികരമായി നടന്നുവരുന്നതുമാണ്.

ഗർഭിണിയായ അദ്ധ്യാപികയെ പീഡിപ്പിക്കാൻ ശ്രമിച്ച കേസ്സന്വേഷണം

28 (4634) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നുമാസം ഗർഭിണിയായ അദ്ധ്യാപികയെ പീഡിപ്പിക്കാൻ ശ്രമിച്ച കേസിൽ വീയപുരം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ വ്യക്തിയുടെ പേരും ക്രൈം നമ്പരും വ്യക്തമാക്കുമോ ;

(ബി) മുമ്പും ഈ വ്യക്തിക്കെതിരെ സമാനമായ പരാതികൾ ഉണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ ഇയാൾക്കെതിരെ പോലീസ് എന്ത് നടപടികൾ സ്വീകരിച്ചിരുന്നു ;

(ഡി) ഇയാൾക്കെതിരെ ഗുണ്ടാ ആക്ട് പ്രകാരം നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ക്രൈം നമ്പർ 159/10 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അജിത് @ പെട്രോൾ എന്നയാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഉണ്ടായിട്ടുണ്ട്.

(സി) ചെറുതന വില്ലേജിൽ മഞ്ഞാലേൽ പുത്തൻവീട്ടിൽ തോമസ് സക്കറിയ മകൾ റിനി സക്കറിയയെ നിരന്തരമായി ശല്യം ചെയ്യുന്നതായി 8-8-2009-ൽ വീയപുരം പോലീസ് സ്റ്റേഷനിൽ ഒരു പരാതി ലഭിക്കുകയും ടി പരാതി പെറ്റീഷൻ നമ്പർ 23/09 ആയി സ്വീകരിച്ച് എതിർകക്ഷിയെ വിളിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വരുത്തി മേലിൽ പരാതിക്കാരിയെ ശല്യം ചെയ്യരുതെന്ന് ശക്തമായി താക്കീത് ചെയ്ത് വിട്ടയച്ചിട്ടുള്ളതാണ്.

(ഡി) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമ പ്രകാരം ഇയാൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

സിറ്റി പോലീസ് കമ്മീഷണർ ഓഫീസിൽ തോക്ക് ലൈസൻസിനുള്ള കെട്ടിക്കിടക്കുന്ന അപേക്ഷകൾ

29(4635) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴുള്ള തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ ആരാണ് ; ഇദ്ദേഹം എന്നാണ് ഇവിടെ ചാർജ്ജ് എടുത്തത് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) തോക്ക് ലൈസൻസിനായി ജില്ലാ കളക്ടർക്ക് സമർപ്പിച്ച അപേക്ഷകൾ അന്വേഷണത്തിനായി നൽകിയതിൽ തിരുവനന്തപുരം സിറ്റി കമ്മീഷണറുടെ കീഴിലുള്ള സിറ്റിയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലെ സബ് ഇൻസ്പെക്ടർമാരും, സർക്കിൽ ഇൻസ്പെക്ടർമാരും, കന്റോൺമെന്റ് അസിസ്റ്റന്റ് കമ്മീഷണറും അന്വേഷിച്ച് ശുപാർശ ചെയ്ത അപേക്ഷയിൽ ടി കമ്മീഷണർ ഒരു തീരുമാനവും എടുക്കാതെ വളരെ മാസങ്ങളായി വച്ചിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ, ഈ അപേക്ഷകൾ പേര് സഹിതം ആരുടെയൊക്കെയാണെന്നും, ഇത് എന്നാണ് കമ്മീഷണറുടെ പക്കൽ എത്തിയതെന്നും , തീരുമാനം എടുക്കാതെ ഇങ്ങനെ താമസിപ്പിക്കുന്നതിന്റെ കാരണം എന്തെന്നും വിശദമായി വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത കമ്മീഷണർ, നാളിതുവരെ തോക്ക് ലൈസൻസ് കൊടുക്കാൻ അനുകൂലമായി ജില്ലാ കളക്ടർക്ക് എത്ര റിപ്പോർട്ട് കൊടുത്തിട്ടുണ്ട് ; ഇവർ ആരെല്ലാമാണെന്ന്, പേര് സഹിതം വിശദമാക്കുമോ ;

(ഇ) ജില്ലാകളക്ടർ, അന്വേഷണത്തിന് കൊടുത്ത അപേക്ഷയിൽ, അന്വേഷണം നടത്തി ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് കൊടുക്കണമെന്നിരിക്കെ, ഒരു നടപടിയും സ്വീകരിക്കാതെ അപേക്ഷകൾ വച്ചിരിക്കുന്നത് നിയമവിരുദ്ധമല്ലേ ?

ഉത്തരം

(എ) എം. ആർ. അജിത് കുമാർ, ഐ.പി.എസ്.
25-5-2009-ൽ

LIBRARY ARCHIVES Kerala Legislative Assembly